# വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 21 No. 01 PUBLISHED FROM DELHI PRICE Rs. 3/- JANUARY 2017


## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച്

## 23–ാമത് ജനറൽ കൺവൻഷൻ അടൂരിൽ


പാസ്റ്റർ എം.സാമുവൽകുട്ടി


പാസ്റ്റർ പ്രിൻസ് തോമസ്


പാസ്റ്റർ പോൾസൺ സ്റ്റീഫൻ


പാസ്റ്റർ അനീഷ് കുമാർ


പാ. ജോയി പാറയ്ക്കൽ


പാ. ജോയി സി. മാത്യു

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ഇരുപത്തിമൂന്നാമത് ജനറൽ കൺവൻഷൻ 2017 മാർച്ച് 1 മുതൽ 5 വരെ അടൂർ നെല്ലിമൂട്ടിൽപടി ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 1–ാം തീയതി വൈകിട്ട് ആറു മണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ വച്ച് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ പ്രിൻസ് തോമസ് (റാന്നി), പാസ്റ്റർ പോൾസൺ സ്റ്റീഫൻ (എറണാകുളം) പാസ്റ്റർ അനീഷ് കുമാർ കാവാലം, പാസ്റ്റർ ജോയി പാറക്കൽ (അങ്കമാലി), പാസ്റ്റർ ജോയി സി. മാത്യു (കോട്ടയം) എന്നിവരാണ് ഈ വർഷത്തെ മുഖ്യ പ്രാസംഗികർ.

എല്ലാ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണി വരെ പൊതുയോഗം നടക്കും. കൺവൻഷനോടനുബന്ധിച്ച് സൺഡേ സ്ക്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.എം.എഫ്., എഫ്.സി.ഡബ്ള്യയൂ.എ. എന്നി പുത്രികാ സംഘടനകളുടെ വാർഷിക സമ്മേളനവും ശുശ്രൂഷക സമ്മേളനവും സ്നാനശുശ്രൂഷയും നടക്കുന്നതാണ്.

4–ാം തീയതി രാവിലെ പത്ത് മണിക്ക് അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഒമ്പതാമത് ബിരുദദാന സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ഡോ. സന്തോഷ് ജോൺ(തിരുവനന്തപുരം) മുഖ്യ സന്ദേശം നൽകും. കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കേറ്റ്സ് വിതരണം ചെയ്യും.

ഞായറാഴ്ച രാവി

(ശേഷം രണ്ടാം പേജിൽ)

## ക്രിസ്മസ് സന്ദേശ റാലി

**ന്യൂഡൽഹി:** സന്ത് നഗർ (കിംങ്സ്‌വേ ക്യാമ്പ്) ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2016 ഡിസംബർ 25–ാം തീയതി വൈകിട്ട് 3 മണി മുതൽ 7 മണി വരെ സന്ത് നഗർ മാർക്കറ്റ് റോഡിൽ ക്രിസ്തുമസ് സന്ദേശ റാലി നടത്തി. പാസ്റ്റർ ബിനുജോൺ പ്രാർത്ഥിച്ച് ആരംഭിച്ച റാലിയിൽ കരോൾ ഗാനങ്ങൾ ആലപിക്കുകയും ദൈവവചനം പങ്കുവയ്ക്കുകയും ചെയ്തു. പുതിയനിയമവും ട്രാക്ടുകളും വിതരണം ചെയ്തു. സഭാപാസ്റ്റർ ബിനോയി പി. ജോൺ, സഭാ സെക്രട്ടറി ചെറിയാൻ ഡാനിയേൽ, എഫ്. സി. വൈ.എം. സെക്രട്ടറി മണിമോൻ എന്നിവർ നേതൃത്വം നൽകി. കാൽക്കാജി, സന്ത്നഗർ സഭകളിലെ വിശ്വാസികൾ റാലിയിൽ പങ്കെടുത്തു.

കാൽക്കാജി ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2016 ഡിസംബർ 24–ാം തീയതി വെകിട്ട 6.30 മുതൽ 9.30 വരെ ഗോവിന്ദ്പുരിയിൽ ക്രിസ്തുമസ് സന്ദേശ റാലി നടത്തി. ബ്രദർ ഷിബു തമ്പി പ്രാർത്ഥിച്ച് ആരംഭിച്ച റാലിയിൽ കരോൾ ഗാനങ്ങൾ ആലപിക്കുകയും ദൈവവചനം പങ്കുവയ്ക്കുകയും പുതിയനിയമവും ട്രാക്ടുകളും വിതരണവും ചെയ്കയും ചെയ്തു. സഭാ പാസ്റ്റർ ബിനു ജോൺ, സഭാ സെക്രട്ടറി ശീലാസ് ശാമുവേൽ എന്നിവർ നേതൃത്വം നൽകി. സന്ത് നഗർ. കൽക്കാജി സഭകളിലെ വിശ്വാസികൾ റാലികളിൽ പങ്കെടുത്തു.

## പുതുവത്സര സന്ദേശ റാലിയും സംഗീത സന്ധ്യയും

**അടൂർ:** ഫെയ്ത്ത് ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ 2017 ജനുവരി 1–ാം തീയതി ഉച്ച കഴിഞ്ഞ് 3 മണിമുതൽ പുതുവത്സര സന്ദേശ റാലിയും സംഗീത സന്ധ്യയും നടന്നു. അടൂർ ഹോളി ക്രോസ് ജംഗ്ഷനിൽ നിന്ന് ആരംഭിച്ച റാലി അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ അവസാനിച്ചു. പാസ്റ്റർ മനോജ് തമ്പി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫെയ്ത്ത് ഗോസ്പൽ ടീമിന്റെ ഈ വർഷത്തെ പ്രവർ ത്തനോദ്ഘാടനം എഫ്.എഫ്.സി. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി നിർവ്വഹിച്ചു. യോഗത്തിൽ റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് പുതുവത്സര സന്ദേശം നൽകി. തുടർന്ന് ഫെയ്ത്ത് ബാൻഡ് സംഗീത ശുശ്രൂഷ നടത്തി. സുവിശേഷകരായ ജോൺസൻ ഡാനിയേൽ, ജോസ് പ്രദീഷ് എന്നിവർ നേതൃത്വം നൽകിയ യോഗത്തിൽ റീജനിലെ വിവിധ സഭകളിൽ നിന്നും വിശ്വാസികൾ പങ്കെടുത്തു.

## വിശ്വാസി 21–ാം വയസിലേക്ക്

*വിശ്വാസി മാസിക* പ്രസിദ്ധീകരണത്തിന്റെ ഇരുപത്തിയൊന്നാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 1997 ജനുവരിയിലാണ് മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. ഇന്നും ഇത് ഒരു ശുശ്രൂഷയായി തുടരുവാൻ കഴിയുന്നത് ദൈവമക്കളുടെ പ്രാർത്ഥനയുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങളുടേയും ഫലമായിട്ടാണ് എന്നുള്ളത് ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ *വിശ്വാസി* മാസികയുടെ പ്രിന്റ് എഡിഷൻ 2017 ഏപ്രിൽ മാസത്തോടെ അവസാനിപ്പിക്കുകയാണ്. ഈ-മെയിലിലും ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ വെബ് സൈറ്റിലും(www.indianchristianmission.com) മാസിക പി.ഡി.എഫ്. രൂപത്തിൽ തുടർന്നും ലഭിക്കുന്ന താണ്.

*വിശ്വസി* മാസിക പി.ഡി.എഫ് ആയി ഇ-മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ-മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

തുടർന്നും വായനക്കാരുടെ സമ്പൂർണ്ണ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പത്രാധിപ സമതിക്കുവേണ്ടി,
പാസ്റ്റർ എം. സാമുവൽകുട്ടി

എല്ലാ *വിശ്വാസി* വായനക്കാർക്കും
പത്രാധിപ സമതിയുടെ

## പുതുവത്സരാശംസകൾ

*ഉൾപേജുകളിൽ...*


| | |
|---|---|
| വിശ്വസ്തതയോടെ ഫലം കായ്ക്കാം | പാസ്റ്റർ എം.സാമുവൽകുട്ടി |
| നമ്മുടെ മനസ്സ് | പാസ്റ്റർ മനോജ് തമ്പി |
| പ്രതീക്ഷകളുടെ പുതുവർഷം | പാസ്റ്റർ അനു സി. സാമുവൽ |
| നിർഭയതയുടെ വാഗ്ദാനം | ഇവാ. സാംസൺ സാമുവൽ |





പത്രാധിപ ലേഖനം.......

# വിശ്വസ്തതയോടെ ഫലം കായ്ക്കാം



2016 ചരിത്ര പുസ്തകത്തിന്റെ ഏടുകളിലേക്ക് മറഞ്ഞു. മനുഷ്യവികാരങ്ങളിൽ സന്തോഷത്തിന് സ്ഥാനം കുറഞ്ഞ് ഭീതിയുടെ നിഴലിലാണ് മനുഷ്യൻ ഇന്ന് ജീവിക്കുന്നത്. ഭീകരവാദ പ്രവർത്തനങ്ങളുടെ ഭീതിയിലാണ് ഇന്ന് ലോകം. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഒരു കാലം. എങ്ങും പ്രതിസന്ധികൾ. പരിഹരിക്കാൻ സാധിക്കാത്ത അതിവിഷമമായ അനേക രാഷ്ട്രീയ-സാമ്പത്തിക പ്രശ്നങ്ങളാൽ ലോകം വഴിമുട്ടി നിൽക്കുന്നു. ഇതിനിടയിൽ നാം മനസ്സിലാക്കേണ്ട കാര്യം, ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ഓരോ സംഭവങ്ങളും ദൈവം മുമ്പേ അരുളിചെയ്തിട്ടുള്ളതു പോലെ തന്നെ കാര്യങ്ങൾ നടക്കേണ്ടതിനു വേണ്ടി മാത്രമാണ്. നാം നമ്മുടെ കർത്താവിന്റെ വരവിനോട് ഏറ്റവും അടുത്തിരിക്കുന്നു.

ദൈവം നമുക്ക് ഒരു വർഷം കൂടെ നൽകിയിരിക്കുന്നു. 2016 വിസ്മയവും ഭയങ്കരവുമായ സംഭവവികാസങ്ങൾക്ക് സാക്ഷ്യം വഹിച്ച വർഷമാണ്. അപകടങ്ങളും രോഗങ്ങളും അനവധിയാളുകളുടെ ജീവൻ കവർന്നു. എന്നാൽ ദൈവം നമ്മെ സംരക്ഷിച്ചു, ഒരു പുതിയ വർഷം കൂടി കാണുവാൻ നമ്മെ ശേഷിപ്പിച്ചു. അവന്റെ നാമമഹത്വത്തിനായി ഫലം കായിക്കാനാണ് ദൈവം പുതിയ ഒരു ആണ്ട് കൂടെ നമുക്ക് തന്നത്.

ഈ വർഷം കൃപയുടെ വർഷമാണ്. നമ്മുടെ ജീവിതം നമുക്കർഹതപ്പെട്ടതോ നാം നേടിയെടുത്തതോ അല്ല. മറിച്ച് ദൈവകൃപയാലുള്ള ദാനമാണ്. അയോഗ്യരായിരുന്ന നമ്മോട് കാണിച്ച കാരുണ്യം മാത്രമാണിത്. 'എങ്കിലും ഞാനാകുന്നത് ദൈവകൃപയാലാകുന്നു' (1കൊരിന്ത്യർ 15:10). ഈ പുതിയ വർഷം ദൈവകൃപയാൽ നമുക്ക് ലഭിക്കപ്പെട്ടെങ്കിൽ നാം ഇതിനെ പരസ്പരസേവനത്തിന്റെയും ശുശ്രൂഷകളുടെയും വർഷമാക്കി മാറ്റാം. തന്റെ ജനത്തോടുള്ള ദൈവത്തിന്റെ പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നാണ് ദൈവത്തോടും മനുഷ്യനോടുമുള്ള ശുശ്രൂഷ. യോഹന്നാന്റെ സുവിശേഷം പതിമൂന്നാം അദ്ധ്യായത്തിൽ ശുശ്രൂഷയുടെ മാതൃക കർത്താവ് നമുക്ക് കാട്ടിത്തന്നിട്ടുണ്ട്. ശിഷ്യന്മാരുടെ കാൽ അവൻ കഴുകി, തുടച്ചു. അതിനുശേഷം കർത്താവ് അവരോട് അരുളിച്ചെയ്തത്, 'കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകിയെങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു'(13:14,15). പത്രൊസ് അപ്പൊസ്തലൻ പറയുന്നത്, 'ഓരോരുത്തന് വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ' (1 പത്രൊസ് 4:10). ഗലാത്യലേഖനത്തിൽ പൗലൊസ് പ്രബോധിപ്പിക്കുന്നത്, 'സ്നേഹത്തിൽ അന്യോന്യം സേവിപ്പിൻ'(5:13).

ഇത് വിശ്വസ്തതയുടെ വർഷം. വിശ്വസ്തനായ ദൈവം നമ്മുടെ അവസ്ഥകളൊന്നും ഓർക്കാതെ ഇത്രത്തോളം കൊണ്ടുവന്നപ്പോൾ എങ്ങനെ നമുക്ക് ദൈവത്തോട് വിശ്വസ്തത പുലർത്താൻ കഴിയാതിരിക്കും? നമ്മുടെ ബന്ധങ്ങളും ആകുലതകളും ദൈവത്തോടുള്ള വിശ്വസ്തയ്ക്ക് തുരങ്കം വയ്ക്കാതിരിക്കണമെങ്കിൽ പൂർണ്ണഹൃദയത്തോടെ നാം അവനിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു. സ്വാർത്ഥാഭിലാഷങ്ങൾ മറഞ്ഞിരിക്കുന്ന കുഴിബോംബുകൾ പോലെയാണ്. ഓർക്കാപ്പുറത്തായിരിക്കും അതിൽ ചവട്ടി അപകടമുണ്ടാകുന്നത്. പ്രയാസകരമായ സാഹചര്യത്തിൽ ദൈവത്തോട് നാം വിശ്വസ്ത പുലർത്തി ശ്രദ്ധയോടെ മുന്നേറിയില്ലായെങ്കിൽ സാത്താന്റെ കെണികളിൽ നാം കുടുങ്ങിയേക്കാം. അതുകൊണ്ട് പരിശോധനകളോ, പ്രലോഭനങ്ങളോ ഉണ്ടാകുന്നതിനുമുമ്പ് ഇപ്പോൾ തന്നെ ദൈവത്തോടുള്ള വിശ്വസ്തത വളർത്തിയെടുക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്.

രാജാവിന്റെ വീഞ്ഞുകൊണ്ടും ഭക്ഷണപദാർത്ഥം കൊണ്ടും തന്നെത്താൻ അശുദ്ധമാക്കയില്ലെന്ന് തീരുമാനിച്ചുറച്ച ദാനിയേലിനെപ്പോലെ, രാജ്യം ഭരിക്കുന്ന രാജാവും പ്രജകളുമെല്ലാം വിഗ്രഹാരാധികളായി തുടർന്നപ്പോൾ യഹോവ എന്റെ ദൈവം എന്ന് ഉച്ചൈസ്തരം ഘോഷിച്ച പ്രവാചകനായ ഏലിയാവിനെപ്പോലെ, ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും എന്ന് വിളിച്ചുപറഞ്ഞ യോശുവയെപ്പോലെ ഈ കാലഘട്ടത്തിൽ എന്തെല്ലാം വന്നാലും ആരെല്ലാം എതിർത്താലും ഒറ്റപ്പെടുത്തിയാലും ഞാൻ വിശുദ്ധിക്കുവേണ്ടി വിശ്വസ്തതയോടെ നിലനിൽക്കുമെന്ന് ഓരോ ദൈവപൈതലും തീരുമാനിക്കണം.

നാം വിശ്വസ്തയോടെ നിലനിന്ന് അവനുവേണ്ടി ഫലം കായ്ക്കുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നത് 'ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം തീയിൽ ഇട്ട് ചുട്ടുകളയുന്നു'(3:10). ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ, രാവിലെ യേശു നഗരത്തിലേക്ക് മടങ്ങിപോകുന്ന സമയം വിശന്നിട്ട് വഴിയരികെ കണ്ട അത്തി വൃക്ഷത്തിന്റെയരികെ ചെന്നു എന്നു കാണുന്നു. എന്നാൽ അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ ഇനി നിന്നിൽ ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്ന് അത്തിയോട് പറഞ്ഞു. ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി. ദൈവമാണ് നമ്മെ നട്ടത് എങ്കിൽ അവൻ നമ്മുടെ ഫലം അന്വേഷിച്ച് വരും.

ഈ പുതുവർഷത്തിൽ ഒരു കാര്യം നാം ഗൗരവമായി മനസ്സിലാക്കേണ്ടത്, ദൈവം നമ്മിൽ ഫലം കായിച്ചു കാണുവാനാണ് ഈ ആണ്ടും കൂടെ നമ്മെ നിർത്തിയിരിക്കുന്നത്. ലൂക്കാസിന്റെ സുവിശേഷം പതിമൂന്നാം അദ്ധ്യായത്തിൽ തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന അത്തിവൃക്ഷത്തിൽ മൂന്നാം വർഷവും ഫലം അന്വേഷിച്ചുവരുന്ന യജമാനനെക്കുറിച്ചുള്ള ഉപമ കർത്താവ് പറയുന്നു. ഫലം കാണാതെവന്നപ്പോൾ തോട്ടക്കാരനോട് യജമാനൻ അതിനെ വെട്ടിക്കളയുവാൻ ആജ്ഞാപിക്കുന്നു. എന്നാൽ തോട്ടക്കാരൻ യജമാനനോട് കേണപക്ഷിക്കുന്നത് 'കർത്താവേ ഞാൻ അതിനു ചുറ്റും കിളച്ച് വളം ഇടുവോളം ഈ ആണ്ടും കൂടെ നിൽക്കട്ടെ. മേലാൽ കായിച്ചെങ്കിലോ, ഇല്ലെങ്കിൽ വെട്ടിക്കളയാം' എന്നാണ്.

തോട്ടത്തിന്റെ യജമാനനായ നമ്മുടെ ദൈവത്തിന്റെ പ്രത്യേകത എന്തെന്നാൽ ഒരു ദിവസം കൊണ്ട് വടിയെ തളിർപ്പിച്ച് ഫലം നൽകുവാൻ യോഗ്യമാക്കുവാനും ഒരു നിമിഷം കൊണ്ടു തന്നെ ഫലമില്ലാത്ത വൃക്ഷത്തെ ഉണക്കിക്കളയാനും കഴിവുണ്ട് എന്നതാണ്. ഫലം കായ്ക്കില്ല എന്ന് വിധിയെഴുതിയവനെക്കൊണ്ട് ഫലം കായിപ്പിക്കുവാൻ അവന് കഴിയും. ആയതിനാൽ ഈ പുതുവർഷം നമുക്കവനോട് ചേർന്ന് വസിക്കാം. നമ്മുടെ പല ശോധനകളും കർത്താവിനുവേണ്ടി ഫലം കായിക്കുവാനായി അവൻ നമുക്ക് നൽകുന്ന അവസരങ്ങളാണ്. ആയതിനാൽ അവനായി നമുക്ക് ഫലം കായിക്കാം. ഫലസമ്പുഷ്ടമായ ഒരു പുതുവർഷം എല്ലാ വായനക്കാർക്കും ആശംസിക്കുന്നു.

**പാസ്റ്റർ എം. സാമുവൽകുട്ടി**

# ജനറൽ കൺവൻഷൻ

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ലെ നടക്കുന്ന സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ ജനറൽ കൺവൻഷൻ സമാപിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സും ഫെയ്ത്ത് ബാന്റും ഈ യോഗങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകും.

കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു. പാസ്റ്റർ വി.എം. ഏബ്രഹാം (പ്രാർത്ഥന), പാസ്റ്റർ സുമേഷ് പി. ലാസർ (പരസ്യം, സാമ്പത്തികം), പാസ്റ്റർ തങ്കച്ചൻ ഡേവിഡ് (ഭക്ഷണം), സുവി. ജോസ് ദാനം (ഗാനശുശ്രൂഷ), സുവി. ജോൺസൻ ഡാനിയേൽ (വോളിന്റേഴ്സ്), പാസ്റ്റർ സാം വില്യം (പ്രോഗാം) എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു.

കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥനാ കമ്മറ്റിയുടെ നേതൃത്വത്തിൽ 2016 ഡിസംബർ 23 മുതൽ 2017 ഫെബ്രുവരി 24 വരെ എല്ലാ വെള്ളിയാഴ്ചകളിലും ഓരോ സഭകളിൽ വച്ച് ഉപവാസ പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. കൺവൻഷന്റെ അനുഗ്രഹത്തിനും നടത്തിപ്പിനായും ***വിശ്വാസി*** വായനക്കാരുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

## MATRIMONIAL

ഡൽഹിയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ സ്റ്റാഫ് നെഴ്സായി (ജി.എൻ.എം) ജോലി ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതിക്ക് (24 വയസ്, 162 സെ. മീ. ഉയരം, ഫെയർ) ആത്മീയരായ പെന്തക്കോസ്ത് യുവാക്കളുടെ (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9061619793, 9207069093.

Pray * Watch * Sponsor

## ZION KE SAFAR

A Television program presented by GOOD TIDING on **SHUBHSANDESH T.V.** on every Sunday at 5 pm to 5: 30 pm.

From 18th December 2016

**Special Features:**
Powerful Bible teachings by **Pr. Aniyan Samuel** (Director, GOOD TIDING), Spirit filled worship songs by prominent worship leaders and inspiring testimonies.

**Our Vision:**
Reach the unreached with the Gospel and strengthen the body of Christ with the word of God

For more details, please contact:
**Pr. Aniyan Samuel**
**Program Director**
**Mob- 9968244847**
Email- info@goodtiding.org Website: www.goodtiding.org

**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |

**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : ***വിശ്വാസി*** ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# നമ്മുടെ മനസ്സ്



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

മനുഷ്യനെക്കുറിച്ചുള്ള പഠനങ്ങളിൽ വിസ്മയകരമായ പഠനശാഖയാണ് മനഃശാസ്ത്രം. മനുഷ്യന്റെ മനസ്സിനെ വ്യാഖ്യാനിക്കുന്നതിൽ ഇത് വരെ ആരും വിജയിച്ചിട്ടില്ല. ഒരു വ്യക്തിക്ക് താൻ അധിവസിക്കുന്ന ചുറ്റുപാടുകളെക്കുറിച്ചും വ്യത്യസ്തമായ അനുഭവങ്ങളെക്കുറിച്ചും ശരിയായ ബോധം നൽകുന്നത് മനസ്സാണ്. വൈദ്യശാസ്ത്ര വ്യാഖ്യാനത്തിൽ ബോധത്തിന്റെ ഇരിപ്പിടമാണ് മനസ്സ്. ശരീരത്തിന് പുറത്തുനിന്നുള്ള വിവരങ്ങൾ അല്ലെങ്കിൽ ചുറ്റുപാടിലുമുള്ള മാറ്റത്തെ തലച്ചോറിലെത്തിക്കുന്ന ഇന്ദ്രിയ വ്യവസ്ഥിതിക്ക് മനുഷ്യമനസ്സിനെ നിയന്ത്രിക്കുന്നതിൽ സുപ്രധാനമായ പങ്കുണ്ട്. ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവായ സിഗ്മണ്ട് ഫ്രോയ്ഡിന്റെ അഭിപ്രായത്തിൽ തലച്ചോറിന്റെ പ്രവർത്തനത്തെ മനസ്സ് എന്ന് പറയാം. പഞ്ചേന്ദ്രിയങ്ങളിലൂടെ കടന്ന്പോകുന്ന ബാഹ്യമായ അനേകം അനുഭവങ്ങളിലൂടെ തലച്ചോറ് നിരന്തരമായി പ്രകോപിതമായിക്കൊണ്ടിരിക്കുന്നു. ശരീരത്തിനുള്ളിൽ തന്നെ പലവിധത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സ്വയം സംഭവിക്കുന്ന ഒരു ഏകോപനമുണ്ട്. ഈ പ്രവർത്തനങ്ങളിൽ വളരെകുറച്ച് മാത്രമേ നാം ബോധപൂർവ്വം അറിയാറുള്ളു. അതിനെ നമ്മുടെ മനസ്സെന്ന് പറയാം.

ഹൃദയവും മനസ്സും തമ്മിൽ വ്യത്യസമില്ല എന്നാണ് ചിലർ ചിന്തിച്ചുകൊണ്ടിരുന്നത്. എന്നാൽ വൈദ്യശാസ്ത്രംഗത്തെ പഠനപുരോഗതി ഇത്തരത്തിലുള്ള ഒട്ടേറെ തെറ്റിദ്ധാരണകൾക്ക് അന്ത്യം കുറിച്ചു. എന്നാൽ ഹൃദയത്തിനുണ്ടാകുന്ന തകരാറുകളെക്കാൾ മനസ്സിന്റെ വൈകല്യങ്ങളാണ് മനുഷ്യനെ നിഷ്പ്രഭനാക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. ഹൃദയവൈകല്യങ്ങൾ ശരീരത്തെ ദുർബലമാക്കുന്നുവെങ്കിൽ മനസ്സിന്റെ പ്രശ്നങ്ങൾ ആത്മാവിനെയാണ് ബാധിക്കുന്നത്. മനുഷ്യമനസ്സിന് സ്വതവേ തിന്മയിലേക്ക് ഒരു ചായ്വുണ്ട്. വിലക്കപ്പെട്ട കനി ഭുജിക്കാനുള്ള ഒരു ആഗ്രഹം മനസ്സിൽ എവിടെയൊ ഒളിഞ്ഞ് കിടക്കുന്നു. മനസ്സാണ് ജീവിതത്തിലെ ജയപരാജയങ്ങൾ തീരുമാനിക്കുന്നത്. നന്മ-തിന്മകളെക്കുറിച്ചുള്ള ബോധമാണ് മനസ്. മനുഷ്യൻ തെറ്റ് ചെയ്യുവാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ അരുത് എന്നൊരു ശബ്ദം മനസിൽ നിന്നും ഉയരുന്നത് നാം അറിയുന്നുണ്ട്. എന്നാൽ ധിക്കാരപൂർവ്വം നാം ആ വിലക്കിനെ അവഗണിക്കുമ്പോഴാണ് തെറ്റിലകപ്പെടുന്നത്. ശൂന്യതയിലല്ല മനസ് സ്ഥിതി ചെയ്യുന്നത്; മാംസവും മജ്ജയും രക്തവുമുള്ള ശരീരത്തിലാണ്. അതിനാൽ നമ്മുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിൽ മനസ്സിന്റെ സ്ഥാനം വളരെ വലുതാണ്. മനസ്സിനെ നിയന്ത്രിക്കുവാൻ അറിയുന്നവർക്കാണ് തിരിച്ചറിവ് ഉണ്ടാകുന്നത്. തിരിച്ചറിവാണ് ജീവിതത്തിൽ എല്ലാത്തരം അനുഗ്രഹങ്ങളും നമുക്ക് ലഭ്യമാക്കുന്നത്. മനസിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ വേദ

മനുഷ്യമനസ്സിന് സ്വതവേ തിന്മയിലേക്ക് ഒരു ചായ്വുണ്ട്. വിലക്കപ്പെട്ട കനി ഭുജിക്കാനുള്ള ഒരു ആഗ്രഹം മനസ്സിൽ എവിടെയൊ ഒളിഞ്ഞ് കിടക്കുന്നു. മനസ്സാണ് ജീവിതത്തിലെ ജയപരാജയങ്ങൾ തീരുമാനിക്കുന്നത്. നന്മ-തിന്മകളെക്കുറിച്ചുള്ള ബോധമാണ് മനസ്. മനുഷ്യൻ തെറ്റ് ചെയ്യുവാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ അരുത് എന്നൊരു ശബ്ദം മനസിൽ നിന്നും ഉയരുന്നത് നാം അറിയുന്നുണ്ട്. എന്നാൽ ധിക്കാരപൂർവ്വം നാം ആ വിലക്കിനെ അവഗണിക്കുമ്പോഴാണ് തെറ്റിലകപ്പെടുന്നത്

പുസ്തകം മൂന്ന് വിഭാഗങ്ങളായി ചിത്രീകരിച്ചിരിക്കുന്നു.

1. ജഡികൻ - പ്രവർത്തനങ്ങളാൽ നിയന്ത്രിക്കപ്പെടുന്നവൻ
2. പ്രാകൃതൻ- ഭാവനകളാൽ നിയന്ത്രിക്കപ്പെടുന്നവൻ
3. ആത്മികൻ- വിവേകത്താൽ നിയന്ത്രിക്കപ്പെടുന്നവൻ.

മനസിനെ സംരക്ഷിക്കുവാൻ പ്രധാനമായും മൂന്ന് ഘടകങ്ങൾ ആവശ്യമാണ്.

**1. ആത്മവിശ്വാസം**

നമ്മുടെ മനശക്തിയുടെ ഒരു ചെറിയഭാഗം മാത്രമെ സാധാരണമായി നാം ഉപയോഗിക്കാറുള്ളു. എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന മനഃശക്തി പ്രയോജനപ്പെടുത്തുവാൻ ആത്മാർത്ഥമായി ശ്രമം ഉണ്ടാകുമ്പോൾ മുമ്പ് സാധ്യമല്ല എന്ന് കരുതിയ കാര്യങ്ങൾ സാധ്യമായി തീരുന്നതായി നമുക്ക് അനുഭവപ്പെടും. ജീവിതത്തിലെ നേട്ടങ്ങളേയും കോട്ടങ്ങളേയും വിലയിരുത്തി നേട്ടങ്ങളിൽ അഭിമാനം കൊള്ളുകയും കോട്ടങ്ങളെ പരിഹരിക്കുവാനുള്ള ഉപാധികൾ മെനയുകയും ചെയ്യുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കും. അവിചാരിതമായി ഉണ്ടാകുന്ന പ്രതിസന്ധികളെ നേരിടാനുള്ള കഴിവാണ് ആത്മവിശ്വാസം. അതിന് നമ്മെ സഹായിക്കുന്നത് ദൈവത്തിലുള്ള ആശ്രയമാണ്.

**2.മറ്റുള്ളവരിലുള്ള വിശ്വാസം**

നമ്മിൽ ഭൂരിഭാഗം പേരുടെയും പ്രശ്നം നമുക്ക് മറ്റുള്ളവരിൽ വിശ്വാസമില്ല എന്നതാണ്. ഒരു പക്ഷേ അന്യരിലുള്ള വിശ്വാസം നശിക്കത്തക്കവണ്ണമുള്ള മുൻകാല ജീവിതാനുഭവങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ എല്ലാവരെയും ശത്രുക്കളായി കരുതാതെ അവരിലുള്ള നല്ലതിനെയും തീയതിനെയും തിരിച്ചറിയാനുള്ള വിവേകം ഉണ്ടാകണം. മറ്റുള്ളവരെ ആത്മാർത്ഥമായി സ്നേഹിച്ച് അവരുടെ വിശ്വാസം ആർജ്ജിച്ച് മാനസിക സന്തോഷം ഉണ്ടാക്കിയെടുക്കുവാൻ നമുക്ക് സാധിക്കട്ടെ.

**3. ദൈവത്തിലുള്ള വിശ്വാസം**

ഈ കാണുന്ന പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കുന്ന ദൈവത്തിന്റെ ആകർഷണ വലയത്തിലാണ് നാം വസിക്കുന്നതെന്ന ചിന്ത പ്രശ്നങ്ങളെ നേരിടുന്നതിന് നമ്മെ പ്രാപ്തരാക്കും. അസാധ്യമായവയെ സാധ്യമാക്കുന്ന ദൈവത്തിന്റെ അത്യന്തശക്തിയെ മനസ്സിൽ ധ്യാനിക്കുക, ഉയരത്തിലുള്ളത് ചിന്തിക്കുക, ഇന്ദ്രിയ അനുഭൂതികളെ ജയിക്കുക, നിഷേധാത്മകമായ ചിന്തകളെ ഒഴുവാക്കി ക്രിയാത്മകമായി ചിന്തിക്കുക. മനസ്സ് പുതുക്കി രൂപാന്തരപ്പെടുവാൻ ദൈവം നമുക്ക് അനുഭവങ്ങളെ നൽകട്ടെ!

# പ്രതീക്ഷകളുടെ പുതുവർഷം

(നാലാം പേജിൽ നിന്ന് തുടർച്ച)

ലോക സമാധാനത്തിന് നേരെയുള്ള വെല്ലുവിളി തന്നെ. സ്വാർത്ഥലാഭങ്ങൾക്കും അധികാരം കൈപ്പിടിയിലൊതുക്കി ലോകഭരണത്തെ തങ്ങളുടെ വരുതിയിലാക്കുവാനും കൂലി കൊടുത്തു തീറ്റിപ്പോറ്റിയ ലോക ഗുണ്ടാ സംഘങ്ങളാണ് തീറ്റിപ്പോറ്റിയവർക്കു നേരെ തന്നെ നാലാംകിട പയറ്റ് നടത്തുന്നതെന്ന സത്യം കൂടെ സന്ദർഭവശാൽ ഓർപ്പിക്കട്ടെ.

സിറിയയിലുള്ള റഷ്യൻ സ്ഥാനപതി ആന്ദ്രെയി കർലോവ് പൊതുവേദിയിൽ വച്ച് 2016 ഡിസംബർ 20ന് വെടിയേറ്റ് മരിച്ചുവീണ സംഭവം ലോകമനസ്സാക്ഷിക്കു നേരെയുള്ള കൊഞ്ഞനം കുത്തായിരുന്നല്ലോ. സിറിയയെയും അലെപ്പോയെയും മറക്കരുത്, ഞങ്ങളുടെ പട്ടണങ്ങൾ സുരക്ഷിതമല്ലാത്തിടത്തോളം നിങ്ങളും സുരക്ഷിതരല്ല എന്നലറിക്കൊണ്ട് ആ കൊലയാളി നിറതോക്കിന്റെ കാഞ്ചിയിൽ വിരലമർത്തിയപ്പോൾ മരിച്ചുവീണത് ഒരു വ്യക്തി എന്നതിലുപരി ലോകം ആഗോള തീവ്രവാദത്തിനു കൊടുത്ത വലിയ വിലയും പിന്നെ ആരും എവിടെയും സുരക്ഷിതരല്ലെന്നു കൈകൂപ്പിയുള്ള ഏറ്റുപറച്ചിലുമായിരുന്നു.

ഇതിലും ഭയാനകമായി, വാനനിരീക്ഷക ശാസ്ത്രജ്ഞന്മാരുടെ ഉറക്കം കെടുത്തിക്കൊണ്ടു ആകാശ സീമകളിൽ പ്രകടമായ ലക്ഷണങ്ങൾ! സൂര്യചന്ദ്ര നക്ഷത്രാദികളിൽ ഉളവായ ലക്ഷ്യങ്ങൾ ലോകത്തെ നിരാശയോടു കൂടിയ പരിഭ്രമത്തിന്റെ നിഴലിൽ തളച്ചിട്ടു.

കഴിഞ്ഞ വർഷത്തെക്കാൾ തികച്ചും സംഭവബഹുലവും വെല്ലുവിളികൾ നിറഞ്ഞതുമായിരിക്കും പുതിയ വർഷമെന്ന കാര്യം നാം വിസ്മരിച്ചു കൂടാ. ദൈവപുത്രന്മാരുടെ വെളിപ്പാടിനായുള്ള ഞരക്കവും ഈറ്റുനോവും (റോമർ 8:21,22) അനുദിനം അധികരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇവകൾ കുറയാനുള്ള സാധ്യത തുലോം കുറവത്രെ. നമ്മുടെ കർത്താവിന്റെ വരവ് ഈ നാളുകൾ ഒന്നിൽ സംഭവിക്കും. അതിന്റെ മുന്നോടിയായുള്ള ലക്ഷണങ്ങൾ പ്രപഞ്ചത്തിലും പ്രകൃതിയിലും നാം വായിച്ചെടുക്കുന്നു. രാഷ്ട്രീയ സാമൂഹിക മാറ്റം മറിച്ചിലുകൾ നമ്മുടെ കർത്താവിന്റെ വരവിനെപ്പറ്റിയുള്ള പ്രവചനങ്ങളുടെ വർത്തമാനകാല നിവൃത്തീകരണമായിട്ടാണ് ഒരു ഭക്തൻ മനസ്സിലാക്കുന്നത്. ഈറ്റുനോവിന്റെ ഏറ്റക്കുറച്ചിലുകളെ മുഖവിലയ്ക്കെടുത്തു പ്രസവസമയം മുൻ കാണുന്നതു പോലെ ലോകത്തിന്റെ ഗതിവിഗതികളെയും ലക്ഷണങ്ങളെയും നോക്കി നമുക്കും നമ്മുടെ കർത്താവിന്റെ വരവിന്റെ പ്രത്യാശയെ വർദ്ധിപ്പിക്കാം.

ഒരു ചിന്തകൂടെ പങ്കുവച്ച് വാക്കുകൾക്കു വിരാമമിടട്ടെ. നമ്മുടെ നാളുകളെ എണ്ണുവാൻ തക്ക ജ്ഞാനമുള്ള ഹൃദയത്തിനുടമകളായി നമുക്ക് തീരാം (സങ്കീർത്തനം 90:12). ആണ്ടുകളോ മാസങ്ങളോ അല്ല പിന്നയോ, നാളുകളെ നാം എണ്ണേണം. കാരണം നാളുകൾക്കപ്പുറമുള്ള കണക്കുകളും അതിന്റെ ലംഘിച്ചു കൂടാത്ത അതിരുകളും ദൈവകരങ്ങളിൽ ഇരിക്കുന്നുവല്ലോ (ഇയ്യോ.14:5). ആണ്ടുകൾ കഴിയും മുമ്പേ തന്റെ പ്രവൃത്തിയെ ജീവിപ്പിക്കുന്നവൻ (ഹബ. 3:2) ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നമ്മുടെ മേൽ ദൃഷ്ടി പതിപ്പിച്ചു (ആവർത്തനം 11:12) നമ്മുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കിത്തരട്ടെ (സങ്കീർത്തനം 90:17). അതെ നമ്മുടെ കൈകളുടെ പ്രവൃത്തിയെ അവിടുന്ന് സാധ്യമാക്കിത്തരും!


## വിശ്വാസി ഗീതങ്ങൾ

ഒരു ഉത്തമ ഗാനോപഹാരം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാദം, പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്), സ്നേഹ നിധി (എം. പി. ത്രി) എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030



ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th January 2017
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## പ്രതീക്ഷകളുടെ പുതുവർഷം



പാസ്റ്റർ അനു സി. സാമുവൽ
ജയ്പൂർ

**2016** ചരിത്രത്തിന്റെ ഏടുകളിൽ എഴുതപ്പെട്ട ഒരു അദ്ധ്യായമായി മാറി. 2017 എഴുതപ്പെടുവാനുള്ള ചരിത്രങ്ങളുടെ പ്രതീക്ഷകളുമായി പുതിയ ഏടുകൾ നമുക്ക് മുമ്പിൽ തുറന്നുവച്ചിരിക്കുന്നു. പോയ വർഷത്തിന്റെ വരവു ചെലവു വിവര പട്ടിക അല്ലെങ്കിൽ ആസ്തിബാദ്ധ്യതകളുടെ പട്ടിക നാം ഒന്ന് പരിശോധിക്കുന്നത് ഈ അവസരത്തിൽ എന്തുകൊണ്ടും നല്ലതാണ്. അത് നിമിത്തം കഴിഞ്ഞ വർഷത്തെക്കാൾ ഉത്തമമായ ഒരു പുതിയവർഷത്തിനായി അണിയറനീക്കം നടത്തുവാൻ നമുക്കാകുമല്ലോ. പരാജയത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുവാനും വിജയത്തിൽ നിന്നും പ്രോത്സാഹനം ഉൾക്കൊള്ളുവാനും അങ്ങനെ പുതുവർഷത്തിന്റെ അനുദിന കണക്കുപുസ്തകത്തിൽ ബാധ്യതകൾ കുറച്ചുകൊണ്ട് ആസ്തി കൂട്ടുവാൻ നമുക്കാകുമല്ല!

കഴിഞ്ഞ വർഷം നിരവധി മാറ്റംമറിച്ചിലുകൾക്കു ലോകം സാക്ഷ്യം വഹിച്ചല്ലോ. മതരാഷ്ട്രീയ തീവ്രവാദങ്ങളും യുദ്ധക്കെടുതികളും ഇനിയും അടങ്ങാത്ത മനുഷ്യന്റെ രക്തരൂക്ഷിത പ്രതികാരങ്ങളും മറ്റും ചവിട്ടിത്തേച്ചുകളഞ്ഞ പൗരാധികാരങ്ങളും മനുഷ്യാവകാശങ്ങളുമെല്ലാം പുതിയ വർഷത്തിന്റെ പ്രതീക്ഷകൾക്കു മുൻപിൽ മതിൽക്കെട്ടുകൾ തീർക്കുന്നു. ദൃശ്യ-ശ്രവ്യ-സാമൂഹിക മാധ്യമങ്ങളിൽ പ്രചരിച്ച പല സംഭവങ്ങളും ഒരുവേള എങ്കിലും സഹിക്കാനാവാത്തത്ര മാനസിക സമ്മർദ്ദം നമ്മിൽ ഉളവാക്കിയില്ലേ? മനുഷ്യർ സ്വസ്നേഹികളാകും (2 തിമൊ.3:2) എന്ന തിരുവചനത്തിലെ പ്രവചനവാക്യം നിറവേറപ്പെടുന്നതായി എത്ര പ്രാവശ്യം നാം നമ്മുടെ ചുറ്റുപാടുകളിൽ നിന്നും അടുത്തറിഞ്ഞു? ഇതിനെല്ലാം പുറമേ സാമ്പത്തിക മേഖലയിൽ ഇദംപ്രഥമമായുണ്ടായ (ലൊട്ടിലൊടുക്ക്) പരിഷ്കാരങ്ങളും! ഇങ്ങനെ നാനാവിധത്തിൽ വലച്ചുകളഞ്ഞ ഒരു വർഷം നമ്മിൽ നിന്നോടിയകലുന്നു!

> **കഴിഞ്ഞ വർഷത്തെക്കാൾ തികച്ചും സംഭവബഹുലവും വെല്ലുവിളികൾ നിറഞ്ഞതുമായിരിക്കും പുതിയ വർഷമെന്ന കാര്യം നാം വിസ്മരിച്ചു കൂടാ. ദൈവപുത്രന്മാരുടെ വെളിപ്പാടിനായുള്ള ഞരക്കവും ഈറ്റുനോവും അനുദിനം അധികരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇവകൾ കുറയാനുള്ള സാധ്യതതുലോം കുറവത്രെ**

ലോകത്തിലെ ഭരണാധികാരികൾ ഇന്ന് ഭയവിഹ്വലരാണ്. ഈ വർഷത്തേക്കുള്ള കർമ്മ പരിപാടികളുടെ ആസൂത്രണം എവിടെ തുടങ്ങണമെന്നുള്ള യാതൊരു എത്തുംപിടിയുമില്ലാത്ത അവസ്ഥയിലാണ്. ലോകത്തിന്റെ ഗതിവിഗതികളെ നിജപ്പെടുത്താനുള്ള നെട്ടോട്ടം. ലോകരാഷ്ട്രീയം ഇതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത വല്ലാത്ത ഒരു കാലഘട്ടമാണ് നാം നോക്കികാണുന്നത്. ആഗോള തീവ്രവാദം എന്തിനും പോന്ന തയ്യാറെടുപ്പിൽ ലോകത്തെ മുൾമുനയിൽ നിർത്തുന്നു. എവിടെയും ഏതു സമയത്തും വൻ സ്ഫോടനങ്ങൾ ഉണ്ടാക്കി ശക്തമായ സാന്നിദ്ധ്യം അറിയിക്കത്തക്ക ആൾബലവും അർത്ഥബലവും ആയുധബലവും സ്വായത്തമാക്കി ഒരു സമാന്തര ഭരണകൂടം ആഗോളപരമായി സൃഷ്ടിച്ചെടുക്കുവാൻ അവർക്കായി എന്നുള്ളത് ലോകഭരണാധികാരികൾ ഭയത്തോടെ നോക്കികാണുന്ന സത്യമാണ്. എവിടെയും നിഷ്പ്രയാസം കടന്നുചെല്ലുവാൻ തക്ക സംവിധാനങ്ങൾ അവർ ആർജ്ജിച്ചെടുത്തു കഴിഞ്ഞു. സാധാരണ പൗരന്റെ വേഷത്തിൽ മുതൽ അതാതു രാജ്യത്തിന്റെ സുരക്ഷാ സേനയുടെ വേഷത്തിലും അതുമല്ലെങ്കിൽ ക്രിസ്തുമസ് അപ്പുപ്പന്റെ വേഷത്തിൽ പോലുമെത്തി തങ്ങളുടെ ശക്തി തെളിയിക്കുന്നത്

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്-ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

## നിർഭയതയുടെ വാഗ്ദാനം



ഇവാ. സാംസൺ സാമുവൽ
ചിക്കാഗോ

**നി**ങ്ങൾ ചാപ്പലിലേക്ക് കയറുമ്പോൾ അവിടെ വച്ചിരിക്കുന്ന കൊട്ടയിൽ നിന്നും ഒരോ കമ്പ് എടുക്കുക. സ്വീനി ചാപ്പലിന്റെ വാതിൽക്കലുള്ള ബോർഡിൽ അന്ന് എഴുതിവച്ചിരുന്ന സന്ദേശം അതായിരുന്നു. അന്ന് അൾത്താരയ്ക്കും വേറൊരു പ്രതീതി തോന്നിച്ചു. മുമ്പിലത്തെ പീഠം കുരിശും കത്തുന്ന ഒരു മെഴുകുതിരിയും കൊണ്ടും അലംകൃതമായിരുന്നു.

ഭയപ്പെടേണ്ട എന്നത് വേദപുസ്ത കത്തിൽ നിരന്തരമായി കാണുന്ന ഒരു ആശയമാണ്. ചിലർ അഭിപ്രായപ്പെടുന്നത് 365 തവണ ഇത് വേദപുസ്തകത്തിൽ പരാമർശിച്ചിരിക്കുന്നു എന്നാണ്. ചിലർ ഇതിലും കൂടുതൽ തവണ എന്ന് അഭിപ്രായപ്പെടുന്നു. ഭയപ്പെടേണ്ട എന്ന് വേദപുസ്തകം നമ്മോട് ആവർത്തിച്ചു പറയുന്നുവെങ്കിലും ഭയം എന്ന വികാരം നമ്മിൽ പലപ്പോഴും വികാസപ്പെടുന്നു. ഒരുപക്ഷേ വിശ്വാസത്തിന്റെ അഭാവം അല്ലെങ്കിൽ സാഹചര്യങ്ങൾ ആകാം കാരണം. ഭയത്തിന് കാരണം എന്തായിരുന്നാലും നാം അത് ഇഷ്ടപ്പെടുന്നില്ല. പേടിച്ച് ജീവിക്കാൻ നാം ആഗ്രഹിക്കുന്നുമില്ല. മറിച്ച് ഭയാശങ്കകൾ എല്ലാം തരണം ചെയ്യാൻ നാം ആഗ്രഹിക്കുന്നു. ഇതിനുള്ള മികച്ച വഴി പ്രാർത്ഥനയിലൂടെ യേശുവിന്റെ പാദപീഠത്തിൽ നമ്മുടെ ഭയങ്ങളുടെ ഭാരക്കെട്ട് ഇറക്കിവെയ്ക്കുക എന്നതാണ്. ഇത് തന്നെയാണ് ഞങ്ങൾ അന്ന് ചാപ്പലിൽ ചെയ്തത്. ക്രിസ്ത്യൻ തിയോളജിക്കൽ സെമിനാരിയിലെ എം. ഡിവ് വിദ്യാർത്ഥിയായ ഡേവിഡ് ഡിക്കി ഏറ്റുപറച്ചിൽ പ്രാർത്ഥനയിൽ ഞങ്ങളെ നയിച്ചു. സെമിനാരി ജീവിതം നയിക്കുന്നവരായും അല്ലാതെയുമുള്ള ഞങ്ങളുടെ ഭയാശങ്കകൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുന്നതോടൊപ്പം അവിടെ കൂടിനിന്നവരോട് കൈകളിലുള്ള കമ്പുകൾ ഉയർത്തി പിടിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു.

പ്രാർത്ഥനയുടെ ഒരു ഘട്ടത്തിൽ കൈയിലുള്ള കമ്പുകൾ ഞങ്ങളുടെ ഭയങ്ങളുടെ പേരുപറഞ്ഞുകൊണ്ട് ഒടിക്കുവാൻ ഡിക്കി ഏവരേയും ആഹ്വാനം ചെയ്തു. പിന്നെ വിജയത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രാർത്ഥന ചൊല്ലി കമ്പുകൾ ഒടിക്കുന്നതിന്റെ ശബ്ദം ചാപ്പലിൽ മുഴങ്ങിയപ്പോൾ അതൊരു ആഘോഷത്തിന്റെ ഓളമായി തോന്നി. അതെ, ഞങ്ങളുടെ ഭയാശങ്കകളിൽ നിന്നും സ്വാതന്ത്ര്യം നേടിയതിന്റെ ആഘോഷം. പ്രാർത്ഥനാനന്തരം ന്യായാധിപന്മാരുടെ പുസ്തകത്തിൽ അധിഷ്ഠിതമായ നമ്മുടെ മല്ലന്മാരെ അഭിമുഖീകരിക്കുക എന്ന വിഷയത്തിൽ ചെയ്യപ്പെട്ട പ്രസംഗം നമ്മോടു കൂടെയുള്ള ദൈവം നമ്മുടെ ഏത് ഭയത്തെക്കാളും വലിയവൻ ആണെന്നുള്ള ആത്മിക സത്യത്തെ ഞങ്ങളുടെ മനസ്സുകളിൽ ഉറപ്പിച്ചു. പ്രസംഗത്തിന് ശേഷം കർത്തൃമേശയിൽ പങ്ക് കൊള്ളുവാൻ ഞങ്ങൾ മുമ്പോട്ട് ചെന്നപ്പോൾ ഒടിച്ച കമ്പുകൾ അൾത്താരയിൽ കൊണ്ടുവച്ചു.

ലളിതം, പക്ഷേ സർഗാത്മകമായ ഒരു പ്രവൃത്തി ആയിരുന്നു ഞങ്ങൾ ചെയ്തത്. കൂടുതൽ പ്രയത്നം ഒന്നും ആവശ്യമില്ല. ചെയ്യേണ്ടത് ഇത്രമാത്രം. ഉണങ്ങിയ വിറകുകൊള്ളികൾ ശേഖരിച്ച് എല്ലാവർക്കും എടുക്കുവാൻ പാകത്തിൽ ഒരു സ്ഥലത്ത് വെയ്ക്കുക. അലങ്കരിക്കുവാൻ ഒരു കുരുശും അതിന്റെ ചുവട്ടിൽ വിറകുകൊള്ളികൾ വെയ്ക്കുവാൻ സ്ഥലവും ഉണ്ടെങ്കിൽ അൾത്താര കൂടുതൽ ആകർഷകവും അർത്ഥവത്തും ആയി മാറും. നമ്മുടെ ഉള്ളിലും ചുറ്റിലുമുള്ള വിഭവങ്ങൾ സർഗാത്മകമായി വിനിയോഗിക്കുന്നുവെങ്കിൽ ആരാധനയ്ക്ക് കൂടുതൽ മികവും അർത്ഥവും പകരുവാൻ സാധിക്കും.

പക്ഷേ ഇതൊക്കെ ചെയ്യണമെന്നുള്ളത് യാതൊരു തരത്തിലും ഉപദേശപരമായ നിർബന്ധമല്ല. ഞാൻ അങ്ങനെ ശഠിക്കുന്നതുമില്ല. എന്നാൽ ചിലപ്പോൾ പ്രതീകാത്മകമായ ഇത്തരം പ്രവൃത്തികൾ ആരാധകർക്ക് കൂടുതൽ ആത്മീയ സന്തോഷവും സംതൃപ്തിയും പകരും. ചിലപ്പോൾ അവരുടെ വിശ്വാസത്തെ കൂടുതൽ ഉറപ്പിക്കും.

ഈ പുതിയ വർഷത്തിൽ ഭയാശങ്കകളെ നമ്മുടെ കർത്താവിന്റെ പാദപീഠത്തിൽ സമർപ്പിക്കാം. നമ്മുടെ ഭാരങ്ങൾ അവിടെ ഇറക്കിവെയ്ക്കാം. നിർഭയരായി ജീവിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കും.

**(ചിക്കാഗോ ലൂഥറൻ സ്കൂൾ ഓഫ് തിയോളജിയിലെ വിദ്യാർത്ഥിയായ ലേഖകന്റെ** *ആരാധനയുടെ സൗന്ദര്യം* **എന്ന ലേഖന പരമ്പരയിൽ ഉൾപ്പെട്ട ലേഖനം. പരിഭാഷ: തോമസ് ഡാനിയേൽ, ഡൽഹി)**

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442